**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1143** **14-03-2022 - ൽ മറുപടിയ്ക്ക്**

**റോഡ് വികസന പദ്ധതികളുടെ കേന്ദ്രസർക്കാർ അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റോഡ് വികസനത്തിന്റെ ഭാഗമായുള്ള വിവിധ പദ്ധതികൾക്ക് കേന്ദ്രസർക്കാർ അനുമതി ലഭ്യമാക്കുന്നതിനായി ഈ സർക്കാർ നടത്തിയ ഇടപെടലുകൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കാമോ; | (എ) | തിരുവനന്തപുരം ഔട്ടർ റിംഗ് റോഡിന്റെ നിർമ്മാണത്തിനുള്ള അനുമതി ത്വരിതപ്പെടുത്തുന്നതിനായി 14.07.2021 ൽ ബഹു.മുഖ്യമന്ത്രിയും, 27.10.2021 ൽ പൊതുമരാമത്ത് വകുപ്പ് മന്ത്രിയും കേന്ദ്ര ഗതാഗതവകുപ്പ് മന്ത്രിയുമായി ചർച്ച നടത്തുകയുണ്ടായി. |
| (ബി) | ഇതിന്റെ ഫലമായി ഏതെല്ലാം ഔട്ടർ റിംഗ് റോഡുകളുടെയും മറ്റ് റോഡുകളുടെയും നിർമ്മാണത്തിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (ബി) | വിഴിഞ്ഞം ബൈപ്പാസു മുതൽ നാവായിക്കുളം വരെ ഉദ്ദേശം 78 കി.മീ. നീളത്തിലുള്ള തിരുവനന്തപുരം ഔട്ടർറിംഗ് റോഡ് പദ്ധതിക്ക് ഭാരത് മാല പരിയോജനയുടെ കീഴിൽ 25.01.2022 ലെ RW/NH/-37011/84/2018-BP & SP നമ്പറിലുള്ള കേന്ദ്രസർക്കാരിന്റെ office memorandum പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. തത്വത്തിൽ അംഗീകരിച്ച ദേശീയപാതകളുടെ സാധ്യത പഠനത്തിനുള്ള DPR നിർത്തിവയ്ക്കുവാൻ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം നിർദ്ദേശിച്ചിരുന്നു. എന്നാൽ 14/07/2021-ലെ ബഹു. മുഖ്യമന്ത്രിയുടെയും കേന്ദ്ര റോഡ് ഹൈവേ മന്ത്രിയുടെയും മീറ്റിംഗിൽ എടുത്ത തീരുമാനപ്രകാരം തത്വത്തിൽ അംഗീകരിച്ച ദേശീയപാതകളുടെ സാധ്യതാപഠനത്തി-നുള്ള DPR പ്രവൃത്തി തുടരുവാനും അതിൽ 10,000 PCU മേൽ വരുന്ന റോഡുകൾ ഭാരത് മാല രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തുവാനും നിർദ്ദേശിച്ചു. തത്വത്തിൽ അംഗീകരിച്ച ദേശീയപാതകളുടെ ലിസ്റ്റ് അനുബന്ധം ആയി ചേർക്കുന്നു. |
| (സി) | പദ്ധതി നടത്തിപ്പ്, സ്ഥലം ഏറ്റെടുക്കൽ, എന്നിവക്കാവശ്യമായ തുക കണ്ടെത്തുന്നകാര്യങ്ങളിൽ ധാരണയായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ; | (സി) | ഉണ്ട്. തിരുവനന്തപുരം ഔട്ടർ റിംഗ് റോഡിന്റെ നിർമ്മാണത്തിനുള്ള അനുമതിയുടെ അടിസ്ഥാനത്തിൽ 45 മീറ്റർ വീതിയിലുള്ള നാലുവരി പ്രധാന വണ്ടിപ്പാത പദ്ധതി ചെലവിന്റെ 100% വും, സ്ഥലമേറ്റെടുക്കലിന്റെ 50% വും വഹിച്ചുകൊണ്ട് NHAI വികസിപ്പിക്കുന്നതാണ്.<br>സ്ഥലമേറ്റെടുക്കലിന്റെ 50% വും, GST ഇളവും |

| | | | |
|---|---|---|---|
| | | | സർവ്വീസ് റോഡുകളുടെ നിർമ്മാണ ചെലവും സ്ഥലമേറ്റെടുക്കലിന്റെ ചെലവും സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണ്. 2022-23 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിൽ 1000 കോടി രൂപ സ്ഥലം ഏറ്റെടുക്കലിനായി വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | റോഡ് വികസനത്തോടൊപ്പം സാമ്പത്തിക-വാണിജ്യ മേഖലകളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | ഔട്ടർ റിംഗ് റോഡിന്റെ ഇരുവശവും 2.5 കി.മീ. നീളത്തിൽ ഏകദേശം 400 Sq.Km തുടർച്ചയായുള്ള സ്ഥലം പ്രത്യേക നിക്ഷേപ മേഖലയായി (ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ) വികസിപ്പിക്കാൻ വിഭാവനം ചെയ്തിട്ടുള്ളതാണ്. ആയതിലേക്കായി ഒരു പ്രത്യേക നിയമ നിർമ്മാണം (Special Investment Region(SIR) ACT) നടത്തി സ്ഥലത്തെ ലോകോത്തര നിലവാരത്തിലുള്ള നിക്ഷേപ സ്ഥാനമായി വികസിപ്പിക്കാനാണ ഉദ്ദേശിക്കുന്നത്. CRDP തയ്യാറാക്കിയ കരട് SIR ACT അംഗീകാരത്തിനായി CRDP നേരിട്ട് വ്യവസായ വകുപ്പിന് നൽകിയിട്ടുണ്ട്. ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോറിന്റെ മാസ്റ്റർ ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനായി LEA Associates South Asia Pvt Ltd എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി നിയമിച്ചിട്ടുള്ളതും ഈ സ്ഥാപനം മാസ്റ്റർ ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കി വരികയുമാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - II

**ANNEXURE A**

| | | |
|---|---|---|
| 1 | ചൊവ്വ – മട്ടന്നൂർ - ഇരിട്ടി – വളവുപാറ – മാക്കൂട്ടം – വിരാജ്പേട്ട – മടിക്കേരി – മൈസൂർ | 55 കി.മീ |
| 2 | ആലപ്പുഴ (NH 47)- ചങ്ങനാശ്ശേരി – വാഴൂർ - 14-□□ മൈൽ (NH 220)- | 50 കി.മീ |
| 3 | കായംകുളം (NH 47)- മുതൽ തിരുവല്ല ജംഗ്ഷൻ വരെ (NH 183) | 23 കി.മീ |
| 4 | വിജയപുരം മുതൽ ഊന്നുകൽ ജംഗ്ഷൻ വരെ | 45 കി.മീ |
| 5 | കല്പറ്റ – മാനന്തവാടി റോഡ് | 50 കി.മീ |
| 6 | ഭരണിക്കാവ് മുതൽ ചവറ ടൈറ്റാനിയം വരെ | 17 കി.മീ |
| 7 | എലവുങ്കൽ മുതൽ പമ്പ ലാഹ വരെ | 21.6 കി.മീ |
| 8 | വിഴിഞ്ഞം പോർട്ട് മുതൽ നെയ്യാറ്റിൻകര വരെ | 26 കി.മീ |
| 9 | തിരുവനന്തപുരം മുതൽ തെൻമല വരെ | 72 കി.മീ |
| 10 | ഹോസ്ദുർഗ് – പാണത്തൂർ - ഭാഗമണ്ഡല – മടിക്കേരി റോഡ് | 57 കി.മീ |
| 11 | ചെർക്കള – കല്ലടുക്ക റോഡ് | 28 കി.മീ |
| 12 | വടക്കാഞ്ചേരി – പൊള്ളാച്ചി റോഡ് | 40 കി.മീ |

സെക്ഷൻ ഓഫീസർ